പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 105

# 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 105

# 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1480/2022.

# 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1985-ലെ 21) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1985-ലെ 21) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (ഡി) ഖണ്ഡത്തിൽ,—

(i) "നിയോജിക്കപ്പെട്ടിട്ടുള്ള ഒരു ആൾ എന്നർത്ഥമാകുന്നതും" എന്ന വാക്കുകൾക്ക് പകരം "നിയോഗിക്കപ്പെട്ടിട്ടുള്ളതും" എന്ന വാക്ക് ചേർക്കേണ്ടതും;

(ii) "പരിചാരകൻ ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം "പരിചാരകനും ആട്ടോറിക്ഷ ജീവനക്കാരനും ആട്ടോമൊബൈൽ വർക്ക്ഷോപ്പ് ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജോലി ചെയ്യുന്ന ആളും എന്നർത്ഥമാകുന്നതും അതിൽ മോട്ടോർ വാഹനങ്ങളുടെയും അതിന്റെ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും പരിപാലനവും ചെയ്യുന്നവരും, മെക്കാനിക്ക്, ഡ്രൈവർ, ക്ലീനർ, ഫിറ്റർ, ഇലക്ട്രീഷ്യൻ, ഫയർമാൻ, ടർണർ, ബാറ്ററിമാൻ, പെയിന്റർ, വെൽഡർ, ഗ്രീസർമാൻ, വൾക്കനൈസർ, സ്പ്രേ പെയിന്റർ,

വർക്ക്ഷോപ്പ് അറ്റൻഡർ, ആശാരി, മോട്ടോർ വാഹന ബോഡി ബിൽഡിംഗ് തൊഴിലാളികൾ, കൊല്ലൻ, സഹായി, ഓഫീസ് ജീവനക്കാരും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഏതെങ്കിലും ജീവനക്കാരും, സർക്കാർ സമയാസമയങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന തൊഴിലാളിയും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) (ഇ) ഖണ്ഡത്തിൽ, "അങ്ങനെയുള്ള മറ്റാൾ" എന്ന വാക്കുകൾക്ക് പകരം "അങ്ങനെയുള്ള ഏതൊരാളും ആട്ടോറിക്ഷയുടെ ഉടമസ്ഥനായ ആളും ആട്ടോമൊബൈൽ വർക്ക് ഷോപ്പ് സ്വന്തമായുള്ളതും പ്രവർത്തിപ്പിക്കുന്നതുമായതോ അല്ലെങ്കിൽ ബന്ധപ്പെട്ട തൊഴിൽ സ്ഥാപനങ്ങളോ വർക്ക്ഷോപ്പ് പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഉള്ള ആളോ";

(സി) (ജി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) "അംഗം" എന്നാൽ ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം നിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിധിയിലേയ്ക്ക് അംശദായം അടയ്ക്കുന്ന ആളും എന്നർത്ഥമാകുന്നതും അതിൽ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലും 2004-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലും പേര് ചേർത്തിട്ടുള്ളതും അംഗമായി തുടരുന്നതുമായ ഏതൊരു ആളും ഉൾപ്പെടുന്നതുമാണ്;

3. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ, നിലവിലെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഈ വകുപ്പിലെ യാതൊന്നും 1952-ലെ ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിന്റെ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്) 1-ാം വകുപ്പ് (3)-ാം ഉപവകുപ്പ് ബാധകമായിട്ടുള്ള ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിന് ബാധകമാകുന്നതല്ല.".

4. 8 എ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 8 എ വകുപ്പിൽ "(1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ വ്യവസ്ഥകൾക്കു കീഴിൽ ഉൾപ്പെടുന്ന ആട്ടോറിക്ഷകൾ ഒഴികെ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചിഹ്നവും ഒഴിവാക്കേണ്ടതാണ്.

5. 12 ബി എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 12 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"12 ബി.—കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെയും കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെയും അംഗങ്ങൾ നിധിയിലെ അംഗങ്ങളായി കണക്കാക്കപ്പെടുന്നു.—1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലും 2004-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലും പേര് ചേർത്തിട്ടുള്ളതും അംഗമായി തുടരുന്നതുമായ എല്ലാ തൊഴിലാളികളും അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്യുന്ന ആളും 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ നിധിയിലെ അംഗമായി രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതും പദ്ധതിയിൽ നൽകിയിട്ടുള്ള അത്തരം രീതിയിൽ തിരിച്ചറിയൽ കാർഡ് അയാൾ നേടേണ്ടതുമാണ്.

6. 24-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം രൂപീകരിച്ച കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധിയിലും 2004-ലെ കേരള ആട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം രൂപീകരിച്ച കേരള ആട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധിയിലും വരവ് വെയ്ക്കേണ്ടതായി നിലവിലുള്ള എല്ലാ തുകയും ഈ ആക്റ്റ് പ്രകാരം രൂപീകരിച്ചിട്ടുള്ള പദ്ധതിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള നിധിയിലേയ്ക്ക് മാറ്റപ്പെടുന്നതും വരവ് വെയ്ക്കുന്നതും, അത്തരം തീയതി മുതൽ പ്രാബല്യത്തിൽ, 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയും 2004-ലെ കേരള ആട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയും പ്രകാരം അംശദായം അടയ്ക്കണമെന്ന ഒരു അംഗത്തിന്റെ ബാധ്യത അവസാനിക്കുന്നതാണ്. ".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം സ്വകാര്യ വാഹനങ്ങൾ ഒഴികെയുള്ള ആട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും അതിന്റെ പരിധിയിൽ വരുന്നതാണ്. എങ്കിലും, 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആട്ടോറിക്ഷ ജീവനക്കാർക്ക് പ്രസ്തുത പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളതാണ്, അതേ സമയം കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ കീഴിലുള്ള നിധിയിൽ അംഗങ്ങളായവർക്ക് അതിന്റെ കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുള്ളതാണ്. ആട്ടോറിക്ഷ തൊഴിലാളികൾക്ക് രണ്ട് തരത്തിലുള്ള ക്ഷേമപദ്ധതികൾ നിലവിലുള്ളതിനാൽ എല്ലാ ആട്ടോറിക്ഷ തൊഴിലാളികൾക്കും ഒരൊറ്റ പദ്ധതിയുടെ കീഴിൽ തുല്യ ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കായി 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ലയിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ, 2004-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ കീഴിൽ നിലവിലുള്ള അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളതാണ്. അതിനാൽ എല്ലാ ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾക്കും പദ്ധതിയുടെ കീഴിൽ തുല്യ ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കായി 2004-ലെ കേരള ആട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ലയിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 4-ാം വകുപ്പിൽ നിധിയിലേയ്ക്ക് ജീവനക്കാരും നിയോജകനും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും നൽകേണ്ടതായ അംശദായം പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള അളവിലായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ ഈ വകുപ്പിലെ യാതൊന്നും 1952-ലെ ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിലെയോ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്),

1972-ലെ ഗ്രാറ്റുവിറ്റി നൽകൽ ആക്റ്റിലെയോ (1972-ലെ 39-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ ബാധകമായിട്ടുള്ള ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിനും, ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. 1952-ലെ ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റിന്റെ 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ കീഴിൽ നിർബന്ധിതമായി ഉൾപ്പെടുന്ന സംരംഭങ്ങളെ മാത്രം അംശദായം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് പരിമിതപ്പെടുത്തുന്നതിനുവേണ്ടി പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിന്റെ ക്ലിപ്തനിബന്ധന ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്കായി 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 2, 4, 8 എ, 24 എന്നീ വകുപ്പുകൾ അനുയോജ്യമായി ഭേദഗതി ചെയ്യുവാനും പ്രസ്തുത ആക്റ്റിൽ 12 ബി എന്ന പുതിയ വകുപ്പ് ചേർക്കുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

പ്രസ്തുത ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി

(ശരിത്തർജ്ജമ)

# 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1985-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം,—

(എ) "ബോർഡ്" എന്നാൽ 6-ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ള കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

** ** ** **

(ഡി) "ജീവനക്കാരൻ" എന്നാൽ, നേരിട്ടോ ഒരു ഏജൻസി മുഖേനയോ വ്യക്തിപരമായ നിലയ്ക്ക് ഒരു ട്രാൻസ്പോർട്ട് വാഹനത്തിൽ ജോലി ചെയ്യാനോ അല്ലെങ്കിൽ അങ്ങനെയുള്ള ട്രാൻസ്പോർട്ട് വാഹനത്തിന്റെ എത്തിച്ചേരലോ, പുറപ്പെടലോ ഭാരംകയറ്റലോ അല്ലെങ്കിൽ ഭാരം ഇറക്കലോ സംബന്ധിച്ച കർത്തവ്യങ്ങൾക്ക് സന്നിഹിതനാകാനോ ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിൽ കൂലിക്ക് നിയോജിക്കപ്പെട്ടിട്ടുള്ള ഒരു ആൾ എന്നർത്ഥമാകുന്നതും അതിൽ ഒരു ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ, സ്റ്റേഷൻ സ്റ്റാഫ്, ലൈൻ ചെക്കിംഗ് സ്റ്റാഫ്, ബുക്കിംഗ് ക്ലാർക്ക്, ക്യാഷ് ക്ലാർക്ക്, ഡിപ്പോ ക്ലാർക്ക്, ടൈംകീപ്പർ, വാച്ച്മാൻ അല്ലെങ്കിൽ പരിചാരകൻ ഉൾപ്പെടുന്നതുമാകുന്നു;

(ഇ) ഏതെങ്കിലും മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തെ സംബന്ധിച്ച് "നിയോജകൻ" എന്നാൽ, പ്രസ്തുത മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിന്റെ കാര്യങ്ങളിൽ അന്തിമനിയന്ത്രണമുള്ള ഒരാൾ അല്ലെങ്കിൽ അധികാരസ്ഥാനം എന്നും, പ്രസ്തുത കാര്യങ്ങൾ മാനേജരെന്നോ മാനേജിംഗ് ഡയറക്ടറെന്നോ, മാനേജിംഗ് ഏജന്റെന്നോ, അല്ലെങ്കിൽ മറ്റേതെങ്കിലും പേരിലോ വിളിക്കുന്നിടത്ത്, അങ്ങനെയുള്ള മറ്റാൾ എന്നും അർത്ഥമാകുന്നു;

** ** ** **

(ജി) "അംഗം" എന്നാൽ, നിധിയുടെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ നിധിയുടെ അംഗമാകുന്നതിന് അർഹതയുള്ള ഏതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

4. നിധിയിലേയ്ക്കുള്ള അംശദായം.—(1) നിധിയിലേയ്ക്ക് ജീവനക്കാരൻ നൽകേണ്ടതായ അംശദായം ഓരോ തരത്തിലുള്ള മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിനും പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരം ഉള്ള അളവിലായിരിക്കേണ്ടതാണ്.

(2) നിയോജകനും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും നൽകേണ്ടതായ അംശദായം പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള അളവിലായിരിക്കേണ്ടതാണ്

(3) മോട്ടോർ ട്രാൻസ്പോർട്ട് സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ശരാശരി മനുഷ്യശക്തിയുടെ എണ്ണം കണക്കിലെടുത്ത് (1)ഉം (2)ഉം ഉപവകുപ്പുകളിൻ കീഴിൽ അളവ് നിശ്ചയിക്കേണ്ടതാണ്.

(4) നിയോജകനും ജീവനക്കാരനും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും നൽകേണ്ടതായ അംശദായം കാലാകാലങ്ങളിൽ പുനഃപരിശോധനയ്ക്ക് വിധേയമാകുന്നതാണ്:

എന്നാൽ, ഈ വകുപ്പിലെ യാതൊന്നും, 1952-ലെ ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പല വക വ്യവസ്ഥകളും ആക്റ്റിലെയോ (1952-ലെ 19-ാം കേന്ദ്ര ആക്റ്റ്), 1972-ലെ ഗ്രാറ്റുവിറ്റി നൽകൽ ആക്റ്റിലെയോ (1972-ലെ 39-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ ബാധകമായിട്ടുള്ള ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിനും, ബാധകമാകുന്നതല്ല.

** ** ** **

<u>8 എ. ക്ഷേമനിധി അംശദായം ഒടുക്കിയതിന്റെ രസീത് ഹാജരാക്കൽ</u>:—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തെ സംബന്ധിച്ച് (1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ വ്യവസ്ഥകൾക്കുകീഴിൽ ഉൾപ്പെടുന്ന ആട്ടോറിക്ഷകൾ ഒഴികെ) അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ മോട്ടോർ വാഹനത്തിന്റെ കൈവശമോ അഥവാ നിയന്ത്രണമോ ഉള്ള ആളോ 1976-ലെ കേരള മോട്ടോർ വാഹനനികുതി ചുമത്തൽ ആക്റ്റിൻ (1976-ലെ 19) കീഴിൽ നികുതി അടയ്ക്കുന്ന സമയത്ത് തൊട്ടു മുൻമാസംവരെ കിട്ടേണ്ടതായ നിധിയിലേയ്ക്കുള്ള അംശദായം ഒടുക്കിയതിന്റെ രസീത് നികുതി ചുമത്തുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

** ** ** **

<u>12 എ.രജിസ്ട്രേഷനും അംഗത്വവും</u>.—ഓരോ ജീവനക്കാരനും അല്ലെങ്കിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും, ഒരു മോട്ടോർ ട്രാൻസ്പോർട്ട് സംരംഭത്തിൽ തന്റെ സേവനം ആരംഭിച്ച് ആറ് മാസത്തിനുള്ളിൽ, നിധിയിലെ ഒരു അംഗമായി ബോർഡിൽ സ്വയം രജിസ്റ്റർ ചെയ്യേണ്ടതും പദ്ധതിയിൽ വ്യവസ്ഥ ചെയ്തേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ തിരിച്ചറിയൽ കാർഡ് വാങ്ങിയിരിക്കേണ്ടതുമാണ് :

എന്നാൽ, 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ ഇതിനകം ഒരു മെമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ ജീവനക്കാരനും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബോർഡിൽ സ്വയം പുതുക്കി രജിസ്റ്റർ ചെയ്യേണ്ടതാണ്.

** ** ** **

24. <u>നാട്ടാചാരമോ, ഉടമ്പടിയോ പ്രകാരം ഏർപ്പെടുത്തിയ ക്ഷേമനിധികൾ കൈമാറ്റം നടത്തുന്നതിനും നിക്ഷിപ്തമാക്കുന്നതിനുമുള്ള പ്രത്യേക വ്യവസ്ഥകൾ</u>.—ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയ്ക്ക് മുമ്പ് നാട്ടാചാരമോ ഉടമ്പടിയോ പ്രകാരം ഏർപ്പെടുത്തിയതും അങ്ങനെയുള്ള തീയതിയിൽ ജീവനക്കാരുടെ വരവിൽ നിൽക്കുന്നതുമായ എല്ലാ ക്ഷേമനിധികളും, തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കരണത്തിലോ മറ്റ് പ്രമാണത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 3-ാം വകുപ്പിൻകീഴിൽ സ്ഥാപിച്ചിട്ടുള്ള നിധിയിലേയ്ക്ക് മാറ്റപ്പെടുന്നതും അതിൽ നിക്ഷിപ്തമായിരിക്കുന്നതും നിധിയിൽ അതിന് അർഹരായിട്ടുള്ള ജീവനക്കാരുടെ കണക്കിലേക്ക് വരവു വയ്ക്കേണ്ടതുമാണ്.

** ** ** **